ആത്മഹത്യാ പ്രവണതയ്ക്കെതിരെ കൗൺസലിംഗ് സൗകര്യമുള്ള ആശുപത്രികൾ

111 [5897] ശ്രീമതി മേഴ്സി രവി:
ശ്രീ. എൻ. ഡി. അപ്പച്ചൻ:
,, വി. ബാലറാം:
,, എ. കെ. മണി:
,, തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ആത്മഹത്യകളും ആത്മഹത്യാശ്രമങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം ആത്മഹത്യാപ്രവണതയ്ക്കെതിരെ കൗൺസലിംഗ് നടത്തുന്നതിനായി ഏതെല്ലാം ഗവൺമെന്റ് ആശുപത്രികളിൽ സൗകര്യമുണ്ട്;

(സി) ആത്മഹത്യാപ്രവണതയ്ക്കെതിരെ പ്രവർത്തിക്കുന്ന പ്രമുഖ വോളന്ററി സംഘടനകൾ ഏതെല്ലാം;

(ഡി) ഇവയ്ക്ക് എന്തെല്ലാം സൗകര്യങ്ങൾ നൽകിവരുന്നു;

(ഇ) ചെറുപ്പക്കാരുടെ വർദ്ധിച്ചുവരുന്ന ആത്മഹത്യാപ്രവണത തടയുന്നതിനായി സ്കൂൾ-കോളേജ് തലത്തിൽ കൗൺസലിംഗ് ഏർപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരളത്തിലെ എല്ലാ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലേയും സൈക്യാട്രി വിഭാഗത്തോടനുബന്ധിച്ച് ആത്മഹത്യാപ്രവണത തടയുന്നതിനുള്ള ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു. ഇതുകൂടാതെ ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള മൂന്ന് മാനസികാരോഗ്യ കേന്ദ്രങ്ങളിലും തിരുവനന്തപുരം ജനറൽ ആശുപത്രിയിലും, എല്ലാ ജില്ലാ ആശുപത്രികളിലും കൗൺസലിംഗ് സൗകര്യം ലഭ്യമാണ്.

(സി) തിരുവനന്തപുരത്തെ 'ത്രാണി', എറണാകുളത്തെ 'മൈത്രി', 'പ്രതീക്ഷ' തൃശ്ശൂരിലെ 'മൈത്രി', 'നന്മ', 'പ്രത്യാശ' കോഴിക്കോട്ടെ 'തണൽ' എന്നീ സംഘടനകൾ ഈ രംഗത്ത് പ്രവർത്തിച്ചുവരുന്നു.

(ഡി) സർക്കാരിൽ നിന്ന് സാമ്പത്തിക സഹായം നൽകുന്നില്ലെങ്കിലും സാങ്കേതിക സഹായങ്ങൾ നൽകിവരുന്നു.

(ഇ) മെന്റൽ ഹെൽത്ത് അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ ഇതിനായുള്ള സൗകര്യം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly